പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5756 — 02.07.2014 ൽ മറുപടിക്ക്.

## ദിവസ വേതനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ദിവസവേതന ജോലിക്കാരുടെ പ്രതിദിനവേതനം എറ്റവും ഒടുവിൽ പുതുക്കിയത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ ഓഫീസുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പ്രതിദിനവേതനം 02.05.2011 ലെ സ. ഉ. (പി) നമ്പർ 204/2011/ധനകാര്യം പ്രകാരം 01.04.2011 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽ മേഖലകളിൽ ഓരോ തൊഴിൽ മേഖലയ്ക്കനുസരിച്ചും ജോലിയുടെ സ്വഭാവമനുസരിച്ചും ദിവസവേതനക്കാരായ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ട്. ഇത് അഞ്ച് വർഷത്തിൽ കൂടാത്ത കാലയളവിൽ പുതുക്കി നിശ്ചയിച്ചു വരുന്നു. ഇപ്രകാരം മിനിമം കൂലി പുതുക്കി നിശ്ചയിച്ചു വരുന്ന 74 തൊഴിൽ മേഖലകൾ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ട്. കൂടാതെ 5 തൊഴിൽ മേഖലകളെക്കൂടി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഒടുവിൽ മിനിമം വേതനം പുതുക്കിയ ശേഷം ജീവിതച്ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്ത് ദിവസവേതനത്തിൽ തദനുസരണമായ മാറ്റം വരുത്താൻ നിർദേശം നല്കുമോ? | (ബി) ജീവിതച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് സർക്കാർ/സ്വകാര്യ മേഖലകളിലെ തൊഴിലാളികളുടെ വേതനം കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാറുണ്ട്. |

സെക്ഷൻ ആഫീസർ